**പതിനാലാം കേരളനിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 207** — **28.05.2019-ൽ മറുപടിക്ക്**

**എറണാകുളം എ.ഡി.എമ്മിന്റെ ഫോൺ നമ്പർ ഉപയോഗിച്ച് തട്ടിപ്പ്**

| ചോദ്യം<br>ശ്രീ.ഹൈബി ഈഡൻ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) എറണാകുളം എ.ഡി.എമ്മിന്റെ ഫോൺ നമ്പർ ഉപയോഗിച്ച് സി.പി.എം. കാക്കനാട് ബ്രാഞ്ച് സെക്രട്ടറി ശ്യാംകുമാർ കൊപ്പറമ്പിൽ തട്ടിപ്പ് നടത്തിയതായി പരാതി ലഭിച്ചിട്ടുണ്ടോ; | (എ) ഇത് സംബന്ധിച്ച് ഒരു പരാതി കൊച്ചി സിറ്റി യൂണിറ്റിലെ തൃക്കാക്കര പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടുള്ളതാണ് |
| (ബി) എങ്കിൽ ആരാണ് പരാതി നൽകിയത് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെന്നും വ്യക്തമാക്കുമോ;<br>(സി) പ്രസ്തുത പ്രതി സമാന രീതിയിൽ കൂടുതൽ തട്ടിപ്പുകൾ നടത്തിയിട്ടുണ്ടോ എന്ന കാര്യം വിശദമായി പരിശോധിക്കുമോ? | (ബി) യും (സി) യും എറണാകുളം എ.ഡി.എം ശ്രീ. ചന്ദ്രശേഖരൻ നായർ. പരാതിയിൽ തൃക്കാക്കര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 687/19 U/s 170,419 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരവെ സംഭവ സ്ഥലം കുന്നത്ത്നാട് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ടതാണെന്ന് വെളിവായിട്ടുള്ളതിനാൽ ടി കേസ് തുടർ അന്വേഷണത്തിനായി കുന്നത്ത്നാട് പോലീസ് സ്റ്റേഷനിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതും കുന്നത്ത്നാട് സ്റ്റേഷൻ ക്രൈം നമ്പർ. 444/2019 U/s 170, 419 IPC ആയി കേസ് റീ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ